**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6100 — 20.11.2019 ലെ മറുപടിയ്ക്ക്.

**പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടനിർമ്മാണം**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ സമർപ്പിച്ച 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കണ്ണൂർ ജില്ലയിലെ പിലാത്തറ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി (രണ്ടാംഘട്ടം) ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ SCSTDD/B2/36/17 നം ഫയലായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | 60 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 20 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും പഠിക്കുന്ന പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ (DEVC3-1881/17) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭിച്ചതെപ്പോഴാണ്; | (ബി) | 31.07.2017 ൽ |
| (സി) | ഇത് സംബന്ധിച്ച് SCSTDD-B2/36/2017 നമ്പർ ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച് 31/03/2017 ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് ഒരു റിപ്പോർട്ട് ആരായുകയുണ്ടായി. ആയത് സർക്കാരിൽ ലഭിച്ചിരുന്നില്ല. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ | (ഡി) | നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ